| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| രണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.150 | | 26/09/2016 ൽ മറുപടിക്ക് | |
| വിജിലൻസ് കേസ്സുകൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി ) | |
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ എത്ര മന്ത്രിമാർക്കും അവരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്കും എതിരായി വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ 4 മന്ത്രിമാർക്കും ഒരു പേഴ്സണൽ സ്റ്റാഫംഗത്തിനും എതിരായി 7 വിജിലൻസ് കേസുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം.

1. <u>വി.സി.07/2016/എസ്.സി.ഇ./കോ.ഓ.</u>

   മുൻ സഹകരണ വകുപ്പ് മന്ത്രി ശ്രീ.സി.എൻ.ബാലകൃഷ്ണന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന ശ്രീ.ജോസഫ് ലിജോയ്ക്കെതിരെ അനധികൃത സ്വത്തു സമ്പാദനം സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

2. <u>വി.സി.20/2016/സി.ആർ.ഇ./ഫിൻ.</u>

   കേരളത്തിലുടനീളം ബ്രോയ് ലർ ചിക്കൻ ബിസിനസ് നടത്തുന്ന തോംസൺ ഗ്രൂപ്പിനേയും ശ്രീധരീയം ആയുർവേദിക് മെഡിസിൻ പ്രൈവറ്റ് ലിമിറ്റഡിനേയും മറ്റും മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി സഹായിച്ചു എന്ന ശ്രീ.നോബിൾ മാത്യു അഡ്വക്കേറ്റിന്റെ പരാതിയിന്മേൽ ഒരു സത്വരാന്വേഷണം നടത്തുകയും (ക്യൂ.വി.01/2016/ സി.ആർ.ഇ/എസ്.റ്റി) തുടർന്ന് വി.സി.20/2016/സി.ആർ.ഇ./ ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

3. <u>വി.സി.04/2016/കെ.റ്റി.എം./ഫിൻ.</u>

   ചങ്ങനാശ്ശേരിയിലെ ലെഡ് ഓക്സൈഡ് വ്യാപാരിയോട് മുൻ ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണി സ്വജനപക്ഷപാതം കാണിച്ചു എന്ന ശ്രീ.ജോർജ്ജ്.സി.കാപ്പന്റെ പരാതിയിന്മേൽ പി.ഇ.04/2016/ കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു പ്രാഥമികാന്വേഷണം നടത്തുകയും തുടർന്ന് വി.സി.04/2016/കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

4. <u>വി.സി.06/2014/എസ്.ഐ.യു.1/എക്സൈസ്</u>

മുൻ ധനകാര്യ നിയമ മന്ത്രി ആയിരുന്ന ശ്രീ.കെ.എം.മാണിയ്ക്കെതിരായി ബാർ കോഴ സംബന്ധിച്ച് വി.സി.06/2014/എസ്.ഐ.യു.1/എക്സൈസ് നമ്പരായി ഒരു വിജിലൻസ് കേസ് നടന്നു വരുന്നു.

5. <u>വി.സി.05/2016/സി.ആർ.ഇ./എക്സൈസ്</u>

ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് കോഴ വാങ്ങിയതു സംബന്ധിച്ച് വി.സി.05/2016/സി.ആർ.ഇ./എക്സൈസ് നമ്പരായി മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഒരു വിജിലൻസ് കേസ് നടന്നു വരുന്നു.

6. <u>വി.സി.17/2016/എസ്.സി.ഇ.</u>

മുൻ എക്സൈസ് വകുപ്പ മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ അനധികൃത സ്വത്ത് സമ്പാദ്യം സംബന്ധിച്ച് വി.സി.17/2016/എസ്.സി.ഇ.ആയി ഒരു വിജിലൻസ് കേസ് നടന്നു വരുന്നു.

7. <u>വി.സി.05/2016/എസ്.ഐ.യു.II</u>

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ മന്ത്രിസഭയിലെ മുൻ റവന്യൂ കയർ മന്ത്രിയായിരുന്ന (1) ശ്രീ.അടൂർ പ്രകാശ്, (2) ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ / ഐ.റ്റി. മന്ത്രിയ്ക്കെതിരെയും വി.സി.05/2016/എസ്.ഐ.യു. II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരികയാണ്.